# Deepika
# 11 July 2018
# Kochi, Heavy Rain, Waterlogging, Rain Havoc

# പെരുമഴ; ജില്ല വെള്ളത്തിൽ

- മലങ്കര ഡാമിന്റെ മൂന്നു ഷട്ടറും തുറന്നു
- ജാഗ്രത പാലിക്കാൻ കളക്ടറുടെ നിർദേശം
- സഹായത്തിനു കൺട്രോൾ റൂം നമ്പറുകൾ

ോച്ചി: മൂന്നു ദിവസമായി തുടരുന്ന കനത്ത മഴയിൽ ജില്ല
ലെ വിവിധ ഇടങ്ങൾ വെള്ളത്തിൽ മുങ്ങി. മഴയിലും കാ
ലും വ്യാപകമായ കൃഷി നാശവും സംഭവിച്ചിട്ടുണ്ട്. മഴ
ടരുന്ന പശ്ചാത്തലത്തിൽ മലങ്കര ഡാമിന്റെ മൂന്നു ഷട്ട
കളും തുറന്നു. ഷട്ടറുകൾ 50 സെന്റീ മീറ്റർ വീതമാണ് ഉ
ർത്തിയിട്ടുള്ളത്. തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ ഇ
കരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ക
ട്ടർ മുന്നറിയിപ്പു നൽകി.
കഴിഞ്ഞ ദിവസം മാത്രം 90 മില്ലി മീറ്റർ മഴയാണ് ജില്ലയി
പെയ്തത്. കഴിഞ്ഞ ദിവസത്തെ ശക്തമായ മഴയിൽ ആ
വീടുകൾ ഭാഗികമായി തകർന്നതായി ജില്ലാ അടിയന്തി
ലട്ട കാര്യനിർവഹണ കേന്ദ്രം അറിയിച്ചു. കുന്നത്തുനാ
ാലൂക്കിൽ മൂന്നും കണയന്നൂർ, കോതമംഗലം, മൂവാറ്റു
ഴ താലൂക്കുകളിൽ ഒന്നു വീതവും വീടുകൾക്കാണ് കേ
പാടുകൾ സംഭവിച്ചത്. 1.68 ലക്ഷം രൂപയുടെ നഷ്ടം കണ
ാക്കുന്നു.
രണ്ടുദിവസമായി തുടരുന്ന മഴയിൽ കോതമംഗലത്ത് മ
ികണ്ഠംചാൽ ചപ്പാത്ത് വെള്ളത്തിനടിയിലായി. ഇതോ
മണികണ്ഠംചാൽ, ഉറിയംപെട്ടി, വെള്ളാരം കുത്ത് മേ
ലകൾ ഒറ്റപ്പെട്ടു. മഴ കുറഞ്ഞാൽ മാത്രമേ വെള്ളം ഇറങ്ങു
യുള്ളൂ. താത്കാലിക ആവശ്യത്തിന് കടത്തു സർവീസു
. നല്ല മഴ പെയ്യുന്ന സാഹചര്യത്തിൽ ഇത് സുരക്ഷിത
യ മാർഗവും അല്ല. മറ്റു കെടുതികൾ ഒന്നും ഇതുവരെ
ാ മേഖലയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടില്ല.
രണ്ടുദിവസമായി തുടരുന്ന കനത്ത മഴയെത്തുടർന്ന് കു
ത്തുനാട് താലൂക്ക് പരിധിയിൽ വരുന്ന 52 വീടുകൾക്കു
ഗികമായി നാശനഷ്ടമുണ്ടായി. താലൂക്കിനു കീഴിൽ കൃ
നാശം ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജൂണിലെ മഴ



കനത്ത മഴയിൽ വെള്ളം കെട്ടിക്കിടക്കുന്ന വൈറ്റില ജംഗ്ഷനിലെ കുഴികൾ. മഴയും റോഡിന്റെ മോശം അവസ്ഥയും മൂലം വലിയ ഗതാഗത കുരുക്കാണ് ഇവിടെ അനുഭവപ്പെടുന്നത് -ബ്രില്യൻ ചാൾസ്.

ക്കെടുതിയിൽ വീടുകളിൽ വെള്ളം കയറി നാശനഷ്ടം സംഭവിച്ച ചെല്ലാനം ഗ്രാമ പഞ്ചായത്തിൽ പദ്ധതിയുടെ രണ്ടാംഘട്ടമായി 100 ജിയോ ബാഗുകൾ കൂടി സ്ഥാപിച്ചിരുന്നു. നിലവിൽ മഴക്കെടുതികൾ ഒന്നും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. പുതുവൈപ്പിനിൽ രണ്ടു കെട്ടിടങ്ങൾക്ക് ഭാഗികമായി തകരാർ സംഭവിച്ചിട്ടുണ്ട്.

മട്ടാഞ്ചേരിയിൽ കൂവപ്പാടം, പാണ്ടിക്കുടി, ക്യാമ്പിരി റോഡ്, സ്റ്റാച്യു ജംഗ്ഷൻ, കുമാർ പമ്പ് കവല, കഴുത്തുമുട്ട് എന്നിവടങ്ങളിൽ വെള്ളം പൊങ്ങിയിട്ടുണ്ട്. ഓട്ടോറിക്ഷകൾ പകുതിയും ഇന്നലെ ഇവിടെ സർവീസ് നടത്തിയില്ല. ആലങ്ങാട് തിരുമാലൂർ നാലു സെന്റ് കോളനി, കരിമാലൂർ മനക്കപ്പടി മണ്ടള നാലു സെന്റ് കോളനി എന്നിവ വെള്ളത്തിൽ മുങ്ങി. തിരുമാലൂർ ബസ്സ്റ്റോപ്പുപടിക്കു സമീപം പെരിയാർവാലി കനാലിന്റെ തീരത്ത് താമസിക്കുന്ന വീടുകളിലും വെള്ളം കയറി.

## ജാഗ്രത പാലിക്കാൻ കളക്ടറുടെ നിർദേശം

മഴ തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. ഉരുൾപൊട്ടൽ സാധ്യതയുള്ളതിനാൽ രാത്രി ഏഴിനും രാവിലെ ഏഴു മണിക്കുമിടയിൽ മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപ്പെടുത്തണം. കടലിൽ ഇറങ്ങരുത്. ജലനിരപ്പുയരാൻ സാധ്യതയുള്ളതിനാൽ പുഴകളിലും ചാലുകളിലും വെള്ളക്കെട്ടിലും ഇറങ്ങരുത്. മരങ്ങൾക്കുതാഴെ വാഹനം പാർക്ക് ചെയ്യാതിരിക്കുവാനും നിർദേശമുണ്ട്.

മലങ്കര അണക്കെട്ടിന്റെ മൂന്നു ഷട്ടറുകളും തുറന്ന സാഹചര്യത്തിൽ തൊടുപുഴ മൂവാറ്റുപുഴ ആറുകളുടെ ഇരുകരകളിലും ഉള്ളവർ ജാഗ്രത പാലിക്കണമെന്നും അപകടമേഖലകളിൽ ഉള്ളവരോട് മാറിത്താമസിക്കുവാൻ ഉദ്യോഗസ്ഥർ അവശ്യപ്പെട്ടാൽ അമാന്തിക്കരുതെന്നും കളക്ടർ നിർദേശിച്ചു. മൂവാറ്റുപുഴ ആറിൽ രണ്ടടിയോളം മാത്രമേ വെള്ളം പൊങ്ങിയിട്ടുള്ളൂ. ഇവിടെ കനത്ത മഴയില്ലാത്തതിനാൽ വെള്ളം ഇറങ്ങാൻ സാധ്യതയുണ്ടെന്ന് മൂവാറ്റുപുഴ താലൂക്കിൽനിന്ന് അറിയിച്ചു. എല്ലാ വില്ലേജ് ഓഫീസർമാർക്കും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

## സഹായത്തിനായി കൺട്രോൾ റൂം

അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള കൺട്രോൾ റൂം നമ്പറുകളിൽ വിളിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ജില്ലാ കൺട്രോൾ റൂം നമ്പർ: 0484-2423513
ടോൾ ഫ്രീ നമ്പർ 1077
താലൂക്ക് കൺട്രോൾ റൂം നമ്പറുകൾ:
ആലുവ 0484-2624052, കണയന്നൂർ 0484-2360704, കൊച്ചി 0484-2215559, കോതമംഗലം 0485-2822298, കുന്നത്തുനാട് 0484-2522224, മൂവാറ്റുപുഴ 0485-2813773, പറവൂർ 0484-2442326.